**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3189** **25-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പ്ലസ് വൺ പ്രവേശനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എ . പി . അനിൽ കുമാർ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനത്തിന് അപേക്ഷിച്ച പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ; ഇതിൽ നാളിതുവരെ പ്രവേശനം ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം എത്ര; | (എ) | സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനത്തിന് ഹയർ സെക്കണ്ടറിയിൽ 7139 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ അപേക്ഷിക്കുകയും, 5438 പേർക്ക് പ്രവേശനം ലഭിക്കുകയും ചെയ്തിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ 654 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ അപേക്ഷിക്കുകയും 322 വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കൂടുതലുള്ള പ്രദേശങ്ങളിലെ സ്കൂളുകളിൽ പ്ലസ് വൺ പ്രവേശനത്തിന് അപേക്ഷിച്ച എല്ലാ കുട്ടികൾക്കും അതേ സ്കൂളുകളിൽ പ്രവേശനം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മേൽപ്പറഞ്ഞ കുട്ടികൾ താമസ സൗകര്യത്തിന്റെയും യാത്രാ സൗകര്യത്തിന്റെയും അഭാവത്താൽ മറ്റ് പ്രദേശങ്ങളിലെ സ്കൂളുകളിൽ ഓപ്ഷൻ നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഓരോ ബാച്ചിലും 8 ശതമാനം സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. മതിയായ അപേക്ഷകരില്ലെങ്കിൽ മാത്രമെ ഇത്തരം സീറ്റുകൾ മറ്റ് വിഭാഗങ്ങൾക്ക് നൽകുകയുള്ളൂ. പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കെല്ലാം പ്രവേശനം അധിക സീറ്റ് സൃഷ്ടിച്ചു പോലും ഉറപ്പാക്കുന്നുണ്ട്. |
| (സി) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അവർ അപേക്ഷിച്ച വിദ്യാലയത്തിൽ തന്നെ പ്രവേശനം ലഭിക്കുന്ന തരത്തിൽ സംവരണ സീറ്റുകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകാമോ? | (സി) | ആദിവാസികൾ കൂടുതലുള്ള മേഖലയിൽ ജനിച്ച് വളർന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി വിവിധ സ്ഥലങ്ങളിൽ പട്ടികജാതി/പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഹോസ്റ്റൽ സൗകര്യങ്ങളോട് കൂടിയ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ഇപ്പോൾ നിലവിലുണ്ട്. പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കെല്ലാം പ്രവേശനം അധിക സീറ്റ് സൃഷ്ടിച്ചു പോലും ഉറപ്പാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ